

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## *കാറിൽ കടത്തിയ രണ്ടു കിലോ കഞ്ചാവുമായി കവർച്ച കേസ് പ്രതിയുൾപ്പെടെ 3 പേർ അറസ്റ്റിൽ.*

രണ്ട് കിലോഗ്രാം കഞ്ചാവുമായി എരിമയൂർ , കാവശ്ശേരി സ്വദേശികളായ 3 പേരെ പാലക്കാട് ഡാൻസാഫ് സ്ക്വാഡും , ആലത്തൂർ പോലീസും സംയുക്തമായി നടത്തിയ പരിശോധനയിൽ ആലത്തൂർ കിണ്ടിമുക്കിൽ വെച്ച് കാറിൽ ഇടപാടുകാർക്ക് കൈമാറാൻ കൊണ്ടു വന്ന രണ്ട് കിലോ കഞ്ചാവുമായി അറസ്റ്റ് ചെയ്തു. 1.എരിമയൂർ തോട്ടുപാലം മേത്തൊടി വീട്ടിൽ അരവിന്ദാക്ഷൻ മകൻ സജിത്ത് (42) , 2. എരിമയൂർ , കാവത്ത് വീട്ടിൽ വേലായുധൻ മകൻ സന്തോഷ് (28) , 3. കാവശ്ശേരി പാലത്തൊടി വീട്ടിൽ മണി മകൻ മനോഹരൻ (32) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.



**രണ്ടു കിലോ കഞ്ചാവുമായി മൂന്നുപേർ അറസ്റ്റിൽ**

▪ ആലത്തൂർ കിണ്ടിമുക്കിൽനിന്നു രണ്ടു കിലോ കഞ്ചാവുമായി പിടിയിലായവർ.

പിടിച്ചെടുത്ത കഞ്ചാവിന് രണ്ട് ലക്ഷം രൂപ വില വരും ആലത്തൂർ , വടക്കഞ്ചേരി ഭാഗത്തുള്ള ഇടപാടുകാർക്ക് കൈമാറാൻ കൊണ്ടുവന്നതാണെന്ന് പ്രതികൾ പറഞ്ഞു. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ല പോലീസ് മേധാവി R. വിശ്വനാഥ് IPSന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസൻ , ആലത്തൂർ ഡി.വൈ.എസ്.പി സി.ആർ.സന്തോഷ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്.

..........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT